**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4054** **15-07-2022 - ൽ മറുപടിയ്ക്ക്**

**ക്ലീൻ മാവേലിക്കര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ക്ലീൻ മാവേലിക്കര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന ശുചിത്വമിഷൻ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | 'ക്ലീൻ മാവേലിക്കര' പദ്ധതിയുടെ ഭാഗമായി വ്യാപകമായ ശുചിത്വ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സംസ്ഥന ശുചിത്വ മിഷന്റെ പ്രത്യേക സംഘം മാവേലിക്കര നഗരസഭയിലെ മലിനീകരണ മേഖലകൾ സന്ദർശിക്കുകയും പ്രത്യേക കൗൺസിലിൽ പങ്കെടുത്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ സംസ്ഥാന, കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി കോട്ടത്തോട് ഉൾപ്പെടെയുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ "തെളിനീരൊഴുകും നവകേരളം" പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ നടപ്പിലാക്കുന്നതാണ്. ഖര ദ്രവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ പ്രായോഗികമാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ നൽകും. ഇതോടൊപ്പം മാവേലിക്കര ജില്ല ആശുപത്രിയിൽ ദ്രവ മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സാധ്യതയും പരിശോധിക്കും. ഇതിന്റെ സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി വാട്ടർ അതോററ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ